LIBRARY ARCHIVES Kerala Legislative Assembly

വിദേശ ഇന്ത്യക്കാർക്ക് വോട്ടവകാശം

100 [1471] ശ്രീ. കെ. എൻ. എ. ഖാദർ:
,, യു. സി. രാമൻ:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ഇന്ത്യക്കാർക്ക് വോട്ടവകാശം നൽകുന്നതിന് ജനപ്രാതിനിധ്യ നിയമം ഭേദഗതി ചെയ്യണമെന്ന് കേരള നിയമസഭയുടെ ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ തുടർ നടപടികൾ ഏതുവരെയായി;

(സി) അടുത്ത് നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ ഇവർക്ക് ഈ വിധം വോട്ടവകാശം നിർവഹിക്കാൻ അവസരം ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ പിന്നെ എന്നേക്ക് ഇത് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി & ഡി) ജനപ്രാതിനിധ്യ നിയമം 1950, 19 (ബി) വകുപ്പ് പ്രകാരം ഏതെങ്കിലും ഒരു നിയോജകമണ്ഡലത്തിലെ സ്ഥിരതാമസക്കാരനുമാത്രമേ വോട്ടവകാശത്തിന് അർഹതയുള്ളൂ. അതിനാൽ ഇപ്പോൾ വിദേശ മലയാളികൾക്ക് വോട്ടവകാശത്തിന് അർഹതയില്ല. ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്രസർക്കാരാണ്. ഈ ആവശ്യം കേന്ദ്ര സർക്കാരിനു മുമ്പിൽ ശക്തമായി ഉന്നയിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അനുകൂലമായ തീരുമാനങ്ങൾ ഒന്നുംതന്നെ കേന്ദ്രസർക്കാർ കൈക്കൊണ്ടിട്ടില്ല.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

കോട്ടൂളി-സിവിൽ സ്റ്റേഷൻ റോഡിന്റെ അക്വിസിഷൻ നടപടികൾ

101 [1303] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിൽ 1987-ൽ തുടക്കം കുറിച്ച എം. എൽ. എ. റോഡായ കോട്ടൂളി-സിവിൽ സ്റ്റേഷൻ റോഡിന്റെ അക്വിസിഷൻ നടപടികൾ ഇത്രയേറെ വൈകാനുണ്ടായ കാരണങ്ങൾ വിശദമാക്കുമോ;

(ബി) ജനങ്ങൾ അഡ്വാൻസ് പൊസഷൻ നൽകിയിട്ടും ഇതിന്റെ ഏറ്റെടുക്കൽ നടപടി ഉണ്ടായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;